**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | അഭ്യസ്തവിദ്യരുടെ നൂതനാശയങ്ങളെ സംരഭങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഈ മേഖലയിൽ സർക്കാരിന്റെ പ്രോത്സാഹന ഫലമായി തുടർച്ചയായി മൂന്നാം വർഷവും രാജ്യത്ത് ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | സാങ്കേതികത അടിസ്ഥാനമായുള്ളതോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് താഴെപ്പറയുന്ന ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നത്.<br><br>**1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്**<br><br>സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണിത്.<br><br>**2. ഇൻക്യൂബേറ്ററുകൾ.**<br><br>ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക, ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചു വരുന്ന ഇൻക്യൂബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>**3. വിജ്ഞാന / നൈപുണ്യ വികസനം.**<br><br>തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്നോളജി (MIT), USA യുമായി ബന്ധപ്പെട്ട ഫാബ് ലാബുകളും കേരള ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് 20 എഞ്ചിനീയറിംഗ് കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി ഇന്നവേഷൻ സോണിൽ MIT യുടെ സഹായത്തോടെ സൂപ്പർ ഫാബ് ലാബും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭാവി സാങ്കേതികതയിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ഒരു ഫ്യൂച്ചർ ലാബും സ്ഥാപിച്ചിട്ടുണ്ട്.<br><br>**4. ആക്സിലറേറ്ററുകൾ.**<br><br>വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. C-DAC മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>**5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ്**<br><br>കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏയ്ഞ്ചൽ ഫണ്ട് |

| | | | |
|---|---|---|---|
| | | | പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചിലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, സമ്മിറ്റുകൾ കോൺഫെറൻസുകൾ, ഡെമോഡേ, കണക്ടിവിറ്റി തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു.<br><br>**6. പ്രൊഡക്റ്റൈസേഷൻ / മാർക്കറ്റിംഗ്.**<br><br>ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, വിപണനത്തിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്.<br><br>**7. എക്സ്ചേഞ്ചസ് & ഗ്ലോബൽ ഇമേർഷൻ.**<br><br>ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു.<br><br>**8. റിസർച്ച് & ഇന്നവേഷൻ പ്രോഗ്രാം.**<br><br>ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br><br>**9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും.**<br><br>സംരംഭകത്വ സാങ്കേതിക പരിജ്ഞാന ശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേക്ക് നയിക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയാണിത്.<br><br>കേന്ദ്രസർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ ടോപ് പെർഫോർമർ ആകാൻ കേരളത്തിന് മൂന്നാംവർഷവും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രാരംഭ ഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ സ്റ്റാർട്ടപ്പ് മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | പ്രാരംഭ ഘട്ടത്തിലെന്നപോലെ വളർച്ചയുടെ ഘട്ടത്തിലും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള താഴെപ്പറയുന്ന ഘടകങ്ങൾ യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്.<br><br>1. സ്കെയിലപ്പ് സ്പേസ്<br>2. സ്കെയിലപ്പ് ഗ്രാന്റ്<br>3. ഫണ്ട് ഓഫ് ഫണ്ട്<br>4. മാർക്കറ്റ് അക്സസ് പരിപാടികൾ<br>5. കോർപ്പറേറ്റ് കണക്ട് പരിപാടികൾ<br>6. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് |
| (സി) | സ്റ്റാർട്ടപ്പുകൾക്കായി സംരംഭക വികസന പരിപാടിയും മെന്റർഷിപ്പ് പരിപാടിയും ആരംഭിച്ചിട്ടുണ്ടോ; സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ഗ്രാന്റ് | (സി) | സംരംഭക വികസനത്തിനായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് യുവ സംരംഭകത്വ വികസന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായ ഇങ്കുബേഷനിൽ ഉൾപ്പെട്ടതാണ് മെന്ററിംഗ്. സ്റ്റാർട്ടപ്പുകൾക്ക് ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ്, സ്കെയിലപ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിങ്ങനെ 5 തരത്തിലുള്ള ഗ്രാന്റ് നൽകിവരുന്നു. |

| | | | |
|---|---|---|---|
| | നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ